വിവിധ വൈദ്യുത പദ്ധതികളുടെ സ്ഥാപിതശേഷി

19 [176] ശ്രീ. ഷിബു ബേബിജോൺ :

,, ജോണി നെല്ലൂർ :

,, എ. എൻ. രാജൻ ബാബു :

,, കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ വൈദ്യുത പദ്ധതികളുടെ സ്ഥാപിതശേഷി എത്ര യെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ ജലവൈദ്യുത പദ്ധതികളുടെ സ്ഥാപിതശേഷിയുടെ എത്ര ശതമാനം ഇപ്പോൾ ഉല്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇതിന്റെ പദ്ധതി തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ഡി) ഉല്പാദനം വർദ്ധിപ്പിക്കുവാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവിധ വൈദ്യുത പദ്ധതികളുടെ സ്ഥാപിത ശേഷി താഴെ പറയും പ്രകാരമാണ്.

1. ജലവൈദ്യുത നിലയം 1828 M.U.
2. താപവൈദ്യുത നിലയം 771.6 M.U.
3. കാറ്റിൽനിന്നുള്ള വൈദ്യുതി 2.03 M.U.

(ബി) പ്രധാനമായും മഴക്കുറവുമൂലം ഉല്പാദനശേഷിയുടെ 43.10%-മേ ഉല്പാദിപ്പിക്കുന്നുള്ളു.

(സി) വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) കുറ്റ്യാടി ആഗ്മെന്റേഷൻ സ്കീം (223 M.U.), കുറ്റിയാർ ഡൈവേർഷൻ സ്കീം (37 M.U.), അഴുത ഡൈവേർഷൻ സ്കീം (57 M.U.), വടക്കേപ്പുഴ ഡൈവേർഷൻ സ്കീം (12 M.U.) എന്നീ പദ്ധതികളിലൂടെ കുറ്റ്യാടി, ഇടുക്കി എന്നീ ജലവൈദ്യുതി പദ്ധതികളുടെ ഉല്പാദനശേഷി വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly